# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

***നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 126** **30.09.2011- ൽ മറുപടിക്ക്**

## കൃഷിഭവനുകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയ വൽക്കരിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉപദേശക സമിതികൾ പുന:സംഘടിപ്പിച്ച് അവ മുടങ്ങാതെ കൂടുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ എല്ലാ കൃഷി ഭവനുകളെയും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സംവിധാനം നിലവിൽ വരുന്നതോടെ കൃഷിക്കാർക്ക് സഹായകമാകുന്ന ഉത്പാദനോപാധികളുടെ ലഭ്യത, മണ്ണു പരിശോധനാ വിവരങ്ങൾ, കാലാവസ്ഥാ പ്രവചനങ്ങൾ, രോഗകീടബാധയുണ്ടാകുന്നതു സംബന്ധിച്ച സൂചനകൾ, നിയന്ത്രണ മാർഗ്ഗങ്ങൾ, കൃഷിക്കാർക്ക് സഹായകരമായ സന്ദേശങ്ങൾ, സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ കൂടുതൽ വ്യാപകമായും കാര്യക്ഷമമായും കൃഷിക്കാരിൽ എത്തിക്കാൻ കഴിയുന്നതാണ്. |
| (ബി) | എല്ലാ പഞ്ചായത്തുകളിലും കൃഷി ഭവനുകൾ പ്രവർത്തിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇല്ലെങ്കിൽ എല്ലാ പഞ്ചായത്തിലും കൃഷിഭവൻ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) | ബാധകമല്ല. |
| (ഡി) | കൃഷിഭവനുകൾവഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നത്; | (ഡി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളകളുടെ ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന |

ആനുകൂല്യങ്ങൾ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നു.

1. വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യങ്ങൾ.
2. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കിണർ, പമ്പ് സെറ്റ്, കുളം എന്നിവയ്ക്കുള്ള ധന സഹായം.
3. സൗജന്യ വൈദ്യുതി.
4. കൃഷിയിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ.
5. കാർഷിക യന്ത്രവത്ക്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള ധനസഹായം.
6. ആധുനിക രീതിയിലുള്ള കൃഷി സമ്പ്രദായങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള ആനുകൂല്യങ്ങൾ.

| | |
|---|---|
| (ഇ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട കർഷകർക്ക് കൃഷിഭവനുകൾ വഴി ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; | (ഇ) എല്ലാ പദ്ധതി നടപ്പിലാക്കുമ്പോഴും അർഹമായ ആനുകൂല്യങ്ങൾ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് നൽകുന്നുണ്ട്. എന്നാൽ ഈ വിഭാഗത്തിൽപ്പെട്ട കർഷകർക്ക് മാത്രമായി പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല. |
| (എഫ്) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത് സംബന്ധിച്ച് കർഷകരെ പഠിപ്പിക്കാൻ കൃഷി ഭവനുകൾവഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ? | (എഫ്) കൃഷി വകുപ്പും, കാർഷിക സർവ്വകലാശാലയുമായി ചേർന്ന് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിശീലനങ്ങൾ കർഷകർക്ക് നൽകുന്നുണ്ട്. കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യകൾ നേരിട്ട് കണ്ട് പഠിക്കുന്നതിനു വേണ്ടി പഠന യാത്രകൾ, പ്രദർശനത്തോട്ടങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. കൂടാതെ, പത്രങ്ങൾ, ലഘുലേഖകൾ, വിവിധ മാധ്യമങ്ങൾ എന്നിവ മുഖേനയും പ്രചരണം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ